എസ് എൻ വി എസ് എച്ച് എസ്
തൃക്കരുവ

# ഋതു

2024

# താളുകളിലൂടെ


ഋതുവിന് പിന്നിൽ 4
ആമുഖം 5
സന്ദേശം 6
സന്ദേശം 7
ഉടുപ്പ് 8
മഴത്തുള്ളി 8
വേർപാട് 9
എൻ നിഴൽ 9
മലയാള പുസ്തകങ്ങളും അവയുടെ രചയിതാക്കളും 9
അമ്മയെന്ന ലോകം 10
കൂട്ടുകാരി 10
കാർമേഘം 10
സ്വപ്നം 11
പിരിയുന്ന കൂട്ടുകാർ 11
പൂവേ! 12
മഴക്കാലം 12
തോഴിയോട് 12
ഓർമ്മകൾ 13
അന്ന് 13
വചനങ്ങൾ 14
യാത്രകുറിപ്പ് 14
അവളുടെ പ്രണയം 15
തേനീച്ചയും മാടപ്രാവും 16
വിഡ്ഢി കഴുത 16
അച്ഛൻ എന്ന വിസ്മയം 17
ചോരുന്ന കുടത്തിന്റെ സങ്കടം 18
ആട്ടിൻകുട്ടികളും ചെന്നായയും 19
കുറുക്കനെ പറ്റിച്ച കോഴി 19
ശ്രീ നാരായണ ഗുരുദേവൻ 20
എപിജെ വചനങ്ങൾ 21

| | |
|---|---|
| **വേറെയും ഗാന്ധിമാർ** | 22 |
| **പൊതു വിജ്ഞാനം** | 22 |
| **കടങ്കഥകൾ** | 23 |
| **പ്രമുഖ വ്യക്തിയും തൂലിക നാമവും** | 23 |
| **ക്വിസ്** | 24 |
| **Horsey Horsey** | 25 |
| **One,two,three,four,five** | 25 |
| **I Love My School** | 25 |
| **A Great Athelet King** | 26 |
| **The Elephant Learns a Lesson** | 26 |
| **The Giant and The great Issumboshi** | 27 |
| **The Saturday Night** | 27 |
| **My Dog Fred** | 28 |
| **Little Henry Forelocks** | 28 |
| **A Story of Valentine"s Day** | 29 |
| **2023-24 ഒറ്റനോട്ടത്തിൽ** | 30 |

# ഋതുവിന് പിന്നിൽ

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ ഷീബ എസ് ഡി

സ്റ്റുഡന്റ് എഡിറ്റർ നിഷാന എൻ

സബ് എഡിറ്റർമാർ ഭദ്ര ഗോപൻ
ബിജില ബിനു
അതുല്യ ഡി എസ്
ആമിന എ
പുണ്യ എസ് രാജ്
ആർദ്ര സെൽവൻ
ഫൈഹാൻ എൻ
സാഹിദ് എസ്
സജയ് എ
ആദിത്യൻ എസ്

# ആമുഖം

വിശ്വഗുരു ശ്രീനാരായണ ഗുരുദേവന്റെ നിർദേശ പ്രകാരം 102 വർഷങ്ങൾക്ക് മുൻപ് കാവിളവീട്ടിൽ ശ്രീ പെരുമാൾ ഗോവിന്ദൻ 1921 വിജയദശമിനാളിൽ (1097 കന്നി ) ഈ സംസ്കൃത വിദ്യാലയം സ്ഥാപിച്ചു . ശ്രീനാരായണഗുരു ഏകാന്തശാന്തമായ വൃക്ഷഛായയിൽ ധ്യാനനിരതനായിരുന്ന പറമ്പിലാണ് ഈ സ്ഥാപനം നിലകൊള്ളുന്നത് നാല് വിദ്യാർത്ഥികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിലെ ആദ്യത്തെ അദ്ധ്യാപകൻ സാഹിത്യശിരോമണി എം.കെ.ഗോവിന്ദനായിരുന്നു മഹാകവി കുമാരനാശാന്റെ പ്രത്യേകതാല്പര്യത്തിന്റെ ഫലമാണ് 1924-ൽ സർക്കാർ ഈ വിദ്യാലയത്തെ സംസ്കൃത സ്കൂളായി അംഗീകരിച്ചത് പ്രദേശത്തിന്റെ സാംസ്കാരിക വികാസത്തിൽ ഒരു സ്വാധീനശക്തിയായിരുന്ന ഈ വിദ്യാലയം 1964-65 കാലഘട്ടത്തിൽ പൂർണ്ണമായ ഒരു സംസ്കൃതവിദ്യാലയമായിത്തീർന്നു .




ഇപ്പോൾ വിദ്യാലയത്തിന്റെ മാനേജർ സ്ഥാനമലങ്കരിക്കുന്നത് ശ്രീമതി എം.ശൈലജയാണ് മാതൃകപരമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മാർഗ നിർദേശവും സഹായങ്ങളും നൽകികൊണ്ട് സ്ഥാപനത്തിന്റെ പുരോഗതിക്കായി പ്രവർത്തിച്ചു വരുന്ന വിദ്യാലയത്തിലെ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ആയ ശ്രീമതി എം.കെ.അനിത സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി കൊണ്ട് സ്കൂളിന്റെ ഉന്നതിക്കു വേണ്ടി പ്രവർത്തിച്ചു വരുന്നു

ശ്രീനാരയണഗുരുദേവന്റെ സ്മാരകമായി കേരളദേശത്ത് നിലകൊള്ളുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൂറ്റാണ്ടിന്റെ മുറ്റത്തേക്ക് കാലെടുത്ത് വെച്ച സരസ്വതി ക്ഷേത്രങ്ങളിലൊന്നാണ് . വടവൃക്ഷം പോലെ പടർന്ന് പന്തലിച്ച് തൃക്കരുവ ഗ്രാമത്തിലെ സാമൂഹിക ,സാംസ്കാരിക ,രാഷ്ട്രീയ നഭോ മണ്ഡലങ്ങളിൽ ഐശ്വര്യ ലക്ഷ്മിയായി വിരാജിച്ചിരുന്ന ഈ വിദ്യാലയം ഒരു കെടാവിളക്ക് പോലെ നിലകൊള്ളുന്നു ആർഷസംസ്കൃതിയുടെ അന്തഃസിനെ ആവാഹിക്കുവാൻ ശേഷി നൽകുന്ന ഈ സ്ഥാപനം തലയെടുപ്പോടെ നിലനിൽക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ് ചരിത്ര ശേഷിപ്പുകളിലന്തർഗതമാകാതെ വളർച്ചയുടെ പുതുനാമ്പുകൾ നൽകി ഈ നാടിന്റെ മുതൈശ്വര്യമായി നിലകൊള്ളാൻ കഴിയുമെന്നു തന്നെ വിശ്വസിക്കുന്നു

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് 2022 -25 ബാച്ചിന്റെ നേതൃത്വത്തിൽ ഒരു ഇ -മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട് .സാങ്കേതിക വിദ്യയുടെ വളർച്ചക്കൊപ്പം പുതു തലമുറയുടെ പുത്തൻ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാനുള്ള ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു മാഗസിൻ പുറത്തിറക്കുന്നതിന് നേതൃത്വം വഹിച്ച കുട്ടികൾക്കും മാർഗ്ഗനിർദേശം നൽകിയ അദ്ധ്യാപകർക്കും ആശംസകൾ നേരുന്നതോടൊപ്പം ഇ.മാഗസിൻ ഋതുവിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

**എം ശൈലജ**
**സ്കൂൾ മാനേജർ**



# സന്ദേശം

നൂതന സാങ്കേതിക വിദ്യയാൽ വിദ്യാർത്ഥികളെ ലക്ഷ്യബോധമുള്ള സാമൂഹ്യ ജീവിയാക്കി മാറ്റുന്നതിനും അവരുടെ രചനാത്മകത പരിപോഷിപ്പിക്കുന്നതിനും ഉള്ള മഹത്തായ അക്ഷരവേദിയാണ് ഇ മാഗസിനുകൾ . ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങിന് ഇന്ന് പ്രചാരത്തിലുള്ള സ്ക്രൈബസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത് .പൊതുവിദ്യാഭ്യാസ മേഖലയെ സാങ്കേതികവിദ്യയാൽ സമ്പുഷ്ടമാക്കുന്ന ലിറ്റിൽ കൈറ്റ്സ്നും ഈ വർഷത്തെ ഇ മാഗസിൻ ആയ ഋതുവിനും എല്ലാവിധ ആശംസകളും നേരുന്നു .

**അനിത എം കെ**
**ഹെഡ്മിസ്ട്രസ്**



# ഉടുപ്പ്



നിഴലുടുപ്പിട്ട -
നങ്ങാതെ കണ്ണിമ
വെട്ടാതെ സിന്ദൂര
പൊട്ട മായുന്നതും
ഉപ്പ് ചുരണ്ടി രു
ളുടുപ്പുരിഞ്ഞതും
കണ്ടനങ്ങാതെന്നും
കരിപ്രതിമ ഞാൻ



AMEENA
STD 8

# മഴത്തുള്ളി

മഴ തോർന്ന നേരത്ത്
ആരും കാണതെ
വീണു കിടക്കുന്ന
ഒരു മഴത്തുള്ളി.

കത്തുന്ന സൂര്യന്റെ
നാളമേറ്റുരുകുന്നു.
മനസ്സിൽ ഭയം
ഉരുണ്ടുകൂടുന്നു.
തൊട്ടാൽ പൊട്ടും
ചില്ലുകൊട്ടാരമാണ്

ഉദിക്കുന്ന പുലരി ചിരിക്കും
പക്ഷേ, ഞാനും തുള്ളി കരയും
എന്റെ മനസ്സും തുടിക്കുന്നുണ്ട്
ഈ പ്രകൃതിഭംഗി ആസ്വദിക്കാൻ



IRSHAN
STD 9



# വേർപാട്

അടരുന്ന പൂവുകൾ പോലെ അകലുന്ന
കാന്തങ്ങൾ പോലെ.
രണ്ടായ് പിരിയുന്ന സ്നേഹമിന്ന്
കരയിൽ നിന്ന അകലുന്ന
തോണിപോലെ രണ്ടായ് മാറുന്ന സൗഹൃദങ്ങൾ.
കെട്ടിൽ നിന്നറ്റൊരു പട്ടം പോലെ
ബന്ധങ്ങളില്ലാതെ ചുറ്റുന്നു നാം.

ADHITYAN
STD 9



# എൻ നിഴൽ

ഒഴുകുമീ പുഴയിൽ പൊഴിയുമെൻ കണ്ണീർ.നിദ്രയിലും നിനവിലും
കേൾക്കുന്നു നിൻ സ്വരം.തീരത്ത്നിൽക്കുമീ സതീർത്ഥ്യനു
ശോകഭാവംപ്രണയതീരത്തു ചേർന്ന്
നില്ക്കവെ പാഞ്ഞടുത്തൊരു വൻത്തിര
കൊത്തിയെടുത്തു എൻ പ്രാണന്റെ
പ്രാണനെ ഇനി വിജനതീരത്ത്
തനിച്ചായി പോകവെ ഞാൻ



FAIHAN
STD 9

# മലയാള പുസ്തകങ്ങളും അവയുടെ രചയിതാക്കളും




| പുസ്തകങ്ങൾ | രചയിതാക്കൾ |
|---|---|
| ഖസാക്കിൻ്റെ ഇതിഹാസം | ഒ വി വിജയൻ |
| അവകാശികൾ | വിലാസിനി ( എം കെ മേനോൻ ) |
| അഗ്നിസാക്ഷി | ലളിതാംബിക അന്തർജ്ജനം |
| ഒരു ദേശത്തന്റെ കഥ | എസ് കെ പൊറ്റക്കാട് |
| ഐതിഹ്യമാല | കൊട്ടാരത്തിൽ ശങ്കുണ്ണി |
| മയ്യഴിപ്പുഴയുടെ തീരങ്ങളിൽ | എം മുകുന്ദൻ |
| മാർത്താണ്ഡവർമ്മ | സി വി രാമൻപിള്ള |
| യന്ത്രം ആറാംവിരൽ | മലയാറ്റൂർ രാമൻകൃഷ്ണൻ |
| കയർ ,രണ്ടിടങ്ങഴി | തകഴി ശിവശങ്കരപ്പിള്ള |



MUHAMMED ANZIL
STD 10

# അമ്മയെന്ന ലോകം



അമ്മയാണെന്നമ്മ ദൈവം
അമ്മയാണെൻ ജീവതാളം
കഥയും കവിതയും പറഞ്ഞുതരുന്നൊരു അമ്മയാണെൻ ലോകമെന്നും

സ്നേഹത്തിൽ കുളിരായ്
ജീവനിൽ താളമായ്
എൻ നെഞ്ചിൽ കുടികൊള്ളുന്നൊരമ്മ



IRFAN M
STD 8

താരാട്ട് പാടി ഉറക്കുമെന്നമ്മ
താലോലം ഉമ്മവെക്കുന്നൊരമ്മ
അമ്മയാണമ്മ എൻ നെഞ്ചിൽ എന്നും.......

# കൂട്ടുകാരി

എന്തിന് എന്ന് അറിയാതെ സൗഹൃദം
എന്നവലയിൽ വീണു നമ്മൾ
ക്ഷമിക്കു പ്രീയപ്പെട്ടവളെ ഒരു തൂലിക തുമ്പിൽ
നിന്നെ ഒതുക്കി ഞാൻ
നിന്നോടുള്ള സ്നേഹം എന്റെ മനസ്സിൽ തെളിഞ്ഞതാണ്
പ്രിയ കൂട്ടുകാരി നമ്മുടെ സ്നേഹം ഒരു കടലുപോലെയാണ്
വേർ പിരിയാൻ കഴിയാത്ത കാന്തങ്ങളെ
പോലെയാണ് നമ്മൾ
നിന്നിൽ ഞാനും എന്നിൽ നീയും മാത്രമാണ്
പ്രിയ കൂട്ടുകാരി ഇനിയും നമ്മുടെ
സൗഹൃദം ഒരുപാട് വളരും





PRARTHANA S
STD 10



# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും......
പെയ്തൊഴിയുന്നില്ല ഒരു തുള്ളിപോലലും,
ഘനമേറെയാണു ഞാനും.....
ആർത്തലച്ചു പെയ്യണം
ലഘുവായി വീണ്ടും.....
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ.....



AKSHAY
STD 5



# സ്വപ്നം

നിന്റെ സ്വപ്നം നേടും വരെ നിൻ
നിഴലായി ഞാൻ എന്നും കൂടെ ഉണ്ടാവും
നീ സ്വപ്നം നേടുന്ന ആ നിമിഷം എന്റ
ആത്മാവിനെ സ്വതന്ത്രയാക്കണം.....

എന്റെ കണ്ണിൽ പതിഞ്ഞ ആ മനോഹരമായ
ദൃശ്യവുമായി എനിക്ക് നക്ഷത്രങ്ങളിൽ ചേക്കേറണം
രാത്രികളിൽ നിനക്ക് മേലെ മിന്നി തെളിഞ്ഞു
പിന്നെയും പിന്നെയും ഞാൻ ആ ദൃശ്യം ഓർക്കും.....



**AJIN S**
**STD 10**

# പിരിയുന്ന കൂട്ടുകാർ

അന്നൊരു നാളിൽ കോളേജിൽ ഞാനുന്നതി
തേടിയലഞ്ഞെത്തി
നാളുകളൊട്ടു കഴിഞ്ഞില്ല ,
ഞാൻ താളുകൾ എഴുതി മറിച്ചില്ല .,
പല ദിക്കിൽ നിന്നെത്തിയ ഞങ്ങൾ
പലരും സൗഹൃദ ബന്ധത്തിൽ
കലിതസ്നേഹ സുധാതരളാമല
മലിഞ്ഞു ചേർന്നു ഹൃദയത്തിൽ
ഇഴുകിപ്പോയെന്മനതാരവിടൊരു
കൂഴി പൊടിയോട് പോലും ഹാ!
"ഇനിയൊരു നാളും പിരിയാനരുതേ "
അനുപദമെന്മനവുരുവിട്ടു.
നാലുവസന്തപ്പൂക്കൾ വാടിയിൽ
നലമൊടണഞ്ഞവ വാടിപ്പോയ്
പരീക്ഷയെഴുതിപ്പിരിയുന്നേരം
പരിചിതരാരും മിണ്ടില്ല
കലങ്ങി മങ്ങിയ കണ്ണുകൾ തമ്മിൽ
'സലാം' പറഞ്ഞു പിരിഞ്ഞപ്പോൾ
ഹൃദയതലത്തിലൊഴിഞ്ഞൊരു കോണിൽ
വിദലിതവേദന കതിരിട്ടു.





**NISHANA N**
**STD 9**



# പൂവേ!

ചേലുള്ള പൂവേ നിനക്ക്
ചേലറിഞ്ഞ് തന്നതാര്
പാലിന്റെ നിറമൊത്ത ചേല
നനുനനുത്ത മിനുസമുള്ള ചേല
പഞ്ചാരപ്പുഞ്ചിരിത്തേൻ തൂകി നിന്നു
തഞ്ചത്തിൽ കൊഞ്ചിക്കുഴഞ്ഞാടും
മണമില്ല മധുപോരെ നിന്നിൽ പക്ഷേ
മണിമാരനിഷ്ട്മാണു നിന്നെ
കുയിൽ പാട്ടും മാന്തൊടിക്കുമേലെ നിന്നു
ചിരിതൂകും സൗന്ദര്യംസാരം.



AYYAPPAN
STD 7

# മഴക്കാലം

മേനി മുഴുക്കെ ക്കരുവാളിച്ചൊരു
മേലേക്കുന്നത്തങ്ങുന്ന്
അലുക്കുവച്ചൊരുതലയിൽ കെട്ട-
ങ്ങഴിച്ചു വീണ്ടും കെട്ടുന്നു.
അലറിത്തുള്ളുന്നങ്ങുന്നപ്പോൾ
അകലത്താരോ കരയുന്നു
മേലേ- കുന്നിൻമേലേ-കാവടി
ഏഴു നിറത്തിൽ വിടരുന്നു.
കുന്നത്തപ്പനു കുന്നിമുകളിൽ
ചായംക്കൊണ്ടൊരു ചേലാട്ടം
കുന്നിൻ ചരുവിൽ കുരകളെല്ലാം
കുളിരാൽ കുനിയിരിപ്പായി.






ANANDHAKRISHNAN
STD 8

# തോഴിയോട്

മമ മണിമന്ദിര വാടിയിൽ ഞാൻ
സുമനിരനോക്കി രസിച്ചു നിൽക്കേ
ലളിതാംഗിനിൽ കുറിമാനമെന്നിൽ
പുളകമുണർത്തിയന്നാദ്യമായി.
ആരാരും കാണാതെ നീലരാവിൽ
പാരാകെ നിദ്രയിലാണ്ടിടുന്നു
കഴിവതുമിന്നു തന്നെത്തിടേണം
ഒഴികഴിവൊന്നും നിനച്ചിടൊല്ലേ
അകലെ ശശികലയെത്തിനോക്കി
പകലോൻ മറഞ്ഞെന്നു തിട്ടമാക്കി
കുളിരിളം തെന്നലലച്ചു വന്നു
കുറുമൊഴി മുല്ല ചിരിച്ചു നിന്നു
ഞാനാ നിമിഷവും  കാത്തിരുന്നു



RAMZAN
STD 6



# ഓർമ്മകൾ


ഒൻപതു വസന്തങ്ങൾ  വീണ്ടും
മുൻപിലണഞ്ഞതിലാനന്ദം
നേരിയ വേദനയിന്നു മമ മനമോരുവതെന്താണാമന്ദം
മിഴിയിണപൊട്ടിട്ടുന്നേരം
മൊഴിമുട്ടും പറയാനെന്തും
ചെന്തേഗ്രസിത പതംഗ സമാനം
ചിന്തേ ഉരുകുവതെന്തേ നീ?
ഓർമകളോ വരികേകുക
ചിറകുകളാലമർന്ന് വാടിയിലണയാൻ
ലളിത സുമാവ്രത സുരഭില
മാവനിപുളകമണച്ചിട്ടു മിന്നെന്നിൽ



ASLAM
STD 5

# അന്ന്

അമലേ ഒരു ദിന മതുലിതമോദം
കതിർമണ്ഡപമൊന്നിൽ
അമിതാഹ്ളാദം പുളകം ചൂടിട്ടും മുറ്റവരൊത്തഴകിൽ
വിലസിത സുമനിര പൊഴിയും നറുമണ മെങ്ങുമുലാവും
വരുമോ തരുമോ തവനമനമണിയും
പിച്ചിപ്പൂമാല?
മധുരിത ജീവിത മധുമാസത്തിൽ
മണിയൊലികേൾക്കുന്നു
മഹിതേ പോരുക മാനവജന്മം
മഹിതം മധുരം മയം
പരിസരമാസകാലം ചിരിതൂകിപ്പകരണമാവകാശം
മാനവജീവിത മാതൃകയായ്  നാം
മാറണമന്നാളിൽ
ആ നാളിനിയെന്നണയു വതണയു
കിലന്നും മീട്ടേണം



HAZNA
STD 7

# വചനങ്ങൾ

മറ്റൊരാളുടെ അവസ്ഥ നമുക്ക് ശരിക്ക് അവർ മുങ്ങിചത്ത അതേ വെള്ളത്തിൽ നമ്മളൊന്ന് നീന്തി നോക്കണം

ക്ഷമയോടെ ഇരുന്നാൽ ശരിയായ നിമിഷത്തിൽ എല്ലാം നിന്നിലേക്കെത്തും

ഏറ്റവും നല്ല ആയുധം ക്ഷമയാണ്
ഏറ്റവും നല്ല പ്രതികാരം മൗനമാണ്



ജയിക്കാൻ നിങ്ങൾക്ക് സൗന്ദര്യമോ ശരീര ഭംഗിയോ വേണ്ട
പകരം കഴിവുള്ള മനസ്സും അത് പ്രകടിപ്പിക്കാനുള്ള ധൈര്യവും മതി

SAIDALI N
STD 8

പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള ഏറ്റവും നല്ല മാർഗം നിശബ്ദതയാണ്

വാക്കുകൾ കൊണ്ട് യുദ്ധമാവാം പക്ഷെ എതിരെ നിൽക്കുന്നവന്റ കുറവ് വിളിച്ചു പറഞ്ഞു കൊണ്ട് ആവരുത് വിജയം എന്നു മാത്രം



# യാത്രാകുറിപ്പ്

ഞാൻ സ്കൂളിൽ നിന്ന് ഒരു ടൂർ പോയിരുന്നു ആ ടൂറിൽ
എന്റെ കൂട്ടുകാരും ടീച്ചേഴ്സും എല്ലാവരും ഉണ്ടായിരുന്നു.
ഞങ്ങൾ ടൂർ പോയ സ്ഥലത്തിന്റെ പേര് ഇടുക്കി.ഞങ്ങൾ യാത്രാ ചെയ്യുന്ന സമയത്ത് ഒരുപാട്
കാഴ്ച്ചകൾ കണ്ടു. അങ്ങനെ കാഴ്ച്ചകൾ കണ്ട് ഞങ്ങൾ ഇടുക്കിയിൽ എത്തി ഞങ്ങൾ മഞ്ഞുകാണാൻ
വേണ്ടിയാണ് വന്നത് ഞങ്ങൾ എത്തിപ്പോഴേക്കും കുറച്ചുവൈകിയിരുന്നു അതിനാൽ മഞ്ഞുകാണാൻ
പറ്റിയില്ലാ പിന്നെ ഞങ്ങൾ അവിടെ നിന്ന് കുറേകാഴ്ച്ചകൾ കണ്ടു അവിടെ നിന്ന് മറ്റൊരു സ്ഥലത്തേക്ക് പോയി. ഞങ്ങൾ അടുത്ത പൈൻ മരങ്ങൾ ഉള്ള
സ്ഥലത്ത്എത്തി.അവിടെ നിന്ന് ഉച്ചഭക്ഷണം കഴിച്ച് കഴിഞ്ഞ് മറ്റൊരു സ്ഥലത്തേക്ക് പോയി. അവിടെ നിന്ന് കുറച്ചുനേരം കാഴ്ച്ചകൾ കണ്ട്
ഞങ്ങൾ അവിടെ നിന്ന് തിരിച്ചു.തിരിച്ചു വരുന്ന വഴിയിൽഇടുക്കിഡാമും തേയിലതോട്ടവും വെള്ളച്ചാട്ടവും കണ്ടു. അങ്ങനെ ഈ കാഴ്ച്ചകൾ എല്ലാം കണ്ട് ഞങ്ങൾ സ്കൂളിൽ എത്തിയപ്പോഴേക്കും 10മണികഴിഞ്ഞിരുന്നു അങ്ങനെ വളരെ രസകരമായ യാത്രായായിരുന്നു



RESHMI
STD 7

# അവളുടെ പ്രണയം

കണ്ണ് തുറക്കുമ്പോൾ ഞാൻ ഏതോ താഴ് വാരത്ത് കിടക്കുവായിരുന്നു
എന്റെ ശരീരം മുഴുവൻ
വേദനയായി അതുകൊണ്ട്
ഞാൻ ഉറങ്ങി പോയി
പിന്നീട് കണ്ണു തുറന്നപ്പോൾ
ഒരു കുടിലിൽ ആയിരുന്നു .
ഒരു വൃദ്ധയായ സ്ത്രീ അവിടെ
നിന്ന് എന്തോ ചെയ്യുവായിരുന്നു.
അവർ എന്റെ നേരെ തിരിഞ്ഞു
എന്നിട്ട് ചോദിച്ചു ; നീ എഴുന്നേറ്റോ?
ഞാൻ അവരോട് തിരിച്ചു പറഞ്ഞു "
നിങ്ങൾ ആരാണ് ? "ഞാൻ എന്താ ഇവിടെ
"അവർ മറുപടി പറഞ്ഞു. ഞാൻ കുറച്ചു
പച്ചമരുന്ന് ശേകരിക്കാൻ മലയുടെ താഴ്-
വാരത്ത് വന്നതാണ് അപ്പോൾ നീ അവിടെ
കിടക്കുന്നത് കണ്ടു നിന്നെ ഞാൻ ഇങ്ങോട്ട്
കൂട്ടികൊണ്ട് വന്നു. അവർ എന്നോട് ചോദിച്ചു
ആരാണ് നീ? നീ എങ്ങനെയാണ് ഇവിടെ
എത്തിയത്?
എനിക്ക് ഒന്നും ഓർമ ഇല്ലായിരുന്നു.... അവൾ
അവിടെ തുടരാൻ തീരുമാനിച്ചു.അവൾക്ക്
അവിടുത്തെ ജീവിതം വളരെ ഇഷ്ടപ്പെട്ടു.
ഒരു ദിവസം അവൾക്ക് തല വേദനിക്കാൻ
തുടങ്ങി അവൾ നിലവിളിച്ചു വൃദ്ധ ഓടിവന്നു .
വൃദ്ധ അവളെ കട്ടിലിൽ കിടത്തി.
അവൾ കുറച്ചു നേരം മയങ്ങി
പോയി.എഴുന്നേറ്റപ്പോൾ അവൾക്ക്
എല്ലാം ഓർമ അവൾ വൃദ്ധയോടു പറഞ്ഞു
എന്റെ പേര് അർഷന എന്റെ സ്ഥലം അഞ്ചൽ
വൃദ്ധ ചോദിച്ചു പിന്നെ നീ എങ്ങനെ ഇവിടെ
എത്തി? അവൾ പറഞ്ഞു ഞാൻ മരിക്കാൻ
വന്നതാണ് അവർ ചോദിച്ചു എന്തിന് ?



എനിക്ക് ജീവിതം മടുത്തു .നിനക്ക്
എങ്ങനെയാ ജീവിതം മടുത്തത്?
അവൾ പറഞ്ഞു അത്....... ഞാൻ
ജീവിതത്തില് ഒന്നേ
ആഗ്രഹിച്ചിട്ടുള്ളൂഅത്
അവനെയാണ്
അവനെ എനിക്ക് കിട്ടിയില്ല. അവർ
ചോദിച്ചു ആരെ? അവന്റെ പേര്
അനസ് അവനെ ആദ്യമായി അവനെ
കാണുന്നത് ഒരു കോളേജിൽ
വച്ചാണ്..അന്ന് എനിക്ക് ഒന്നും അവനോട്
തോന്നിയില്ലായിരുന്നു പക്ഷെ ഒരു ദിവസം
എനിക്ക് വേണ്ടി അവൻ സംസാരിച്ചു എന്റെ
മാതാപിതാക്കൾ പോലും എനിക്ക് വേണ്ടി
സംസാരിച്ചിട്ടില്ല ഇന്ന് വരെ .സീനിയേർസ്
എന്നെ നിർബന്ധിച്ച് പിടിച്ചു
നിർത്തിയപ്പോൾ അവനാണ് എന്നെ
രക്ഷിച്ചത് അന്ന് രാത്രി ഞാൻ ഇതിനെ പറ്റി
ആലോചിച്ചു .
പിറ്റേന്ന് ഞാൻ അവനോട് ചോദിച്ചു
അപ്പോഴാണ് അവന് എന്നെ ഇഷ്ടമായിരുന്നു
എന്ന് ഞാൻ അറിയുന്നത് ..അന്ന് മുതൽ
ഞാനും അവനും ഒന്നിച്ചു ... പക്ഷെ വിധി
അവനെ എന്നിൽ നിന്ന് അകറ്റി
അതുകൊണ്ടാണ് ഞാൻ മരിക്കാൻ
നോക്കിയത്... അവർ അവളെ പറഞ്ഞു
മനസ്സിലാക്കി അവൾ തിരിച്ചു പോയി.....



AMINA A
STD 9

# തേനീച്ചയും മാടപ്രാവും

ഒരിടത്ത് ഒരു തേനീച്ചയും ഒരു മാടപ്രാവും ഉണ്ടായിരുന്നു . ഒരിക്കൽ തേനീച്ച ഒരു തടാകത്തിൽ വീണു . അവൻ ആ വെള്ളത്തിൽ നിന്ന് പുറത്തേക്ക് വരാൻ ഒരുപാട് പ്രയാസപ്പെട്ടു അവന്റെ ചിറകുകൾ നനഞ്ഞു . ആ മാടപ്രാവ് മരത്തിന്റെ മുകളിൽ ഇരുന്ന് കാണുവായിരുന്നു. മാടപ്രാവ് ഒരു ഇല



പറിച്ചെടുത്ത് തേനീച്ചയുടെ അടുത്ത് കൊണ്ടിട്ടു. ആ തേനീച്ച ഇലയിൽ കേറി എന്നിട്ട് പറന്നു പോയി. അടുത്ത ദിവസം മാടപ്രാവ് മരച്ചില്ലയിൽ ഇരിക്കുകയായിരുന്നു. ഒരു വികൃതിക്കുട്ടി മാടപ്രാവിനെ കല്ല് എറിഞ്ഞു. അതെല്ലാം ആ തേനീച്ച കാണാൻ ഇടയായി . ആ തേനീച്ച ആ വികൃതിക്കുട്ടിയെ കുത്തി . അപ്പോൾ ആ കുട്ടി അലറിക്കരഞ്ഞു . ആ

ഗുണപാഠം

നല്ലത് ചെയ്താൽ നമുക്ക് നല്ലത് കിട്ടും



UNNIKANNAN
STD 10

# വിഡ്ഢിക്കഴുത

ഒരിക്കൽ ഒരു കൃഷിക്കാരന് ഒരു കഴുതയും ഒരു വളർത്തുനായയും ഉണ്ടായിരുന്നു. താൻ കഠിനമായി അധ്വാനിച്ചിട്ടും യജമാനന് നായയോടാണ് സ്നേഹം എന്ന് ധരിച്ച കഴുതയ്ക്ക് അതിയായ വിഷമമുണ്ടായിരുന്നു ഒരു ദിവസം നായയെ നിരീക്ഷിച്ച കഴുത കൃഷിക്കാരൻ ജോലികഴിഞ്ഞ് തിരികെയെത്തിയപ്പോൾ നായ അയാളുടെയടുത്തേക്ക് ഓടിയെത്തുന്നത് കണ്ടു. അതിനുശേഷം കുരച്ച് വാലാട്ടിക്കൊണ്ട് നായ കൃഷിക്കാരനോട് ചേർന്ന് നിന്നു. കൃഷിക്കാരൻ സ്നേഹപൂർവ്വം നായയെ താലോടി തന്റെ സ്നേഹം പ്രകടിപ്പിച്ചു . നായ ചെയ്തതുപോലെ തന്നെ ചെയ്ത് കൃഷിക്കാരന്റെ സ്നേഹം ന പിടിച്ചുപറ്റാൻ കഴുത തീരുമാനിച്ചു. അടുത്ത ദിവസം കൃഷിക്കാര്ൻ ജോലികഴിഞ്ഞെത്തിയതു കണ്ട കഴുത മറ്റൊന്നും ചിന്തിക്കാതെ അയാൾക്കുനേരെ ഓടിചെല്ലുകയും വാലാട്ടിക്കൊണ്ട് ഉറക്കെ കരയുകയും ചെയ്തു. ഭയന്നുപോയ കൃഷിക്കാരൻ കഴുതയെ പൊതിരെ തല്ലി. കഴുത തന്റെ മണ്ടത്തരം മനസ്സിലാക്കുകയും ഇനിയൊരിക്കലും മറ്റുള്ളവരെ അനുകരിക്കരുതെന്നും തീരുമാനിച്ചു.





VISWAJITH V
STD 10

# അച്ഛൻ എന്ന വിസ്മയം

ഒരിടത്ത് ഒരു അച്ഛനും മകനും ജീവിച്ചിരുന്നു.ആദിക്ക് ഒരു വയസ്സാകും മുൻപേ അമ്മ മരിച്ചിരുന്നു.അച്ഛനായിരുന്നു അവനെ വളർത്തിയത്. ഒരു കുറവും വരാതെ ആണ് അവനെ അച്ഛൻ വളർത്തിയത്.അച്ഛൻ രാവിലെ പെയിൻറ്റ് പോവുകയും രാത്രിയിൽ തയ്യൽ പണിക്ക് പോയി ആണ് ഇവനെ നോക്കിയത്. പഠിച്ച് നല്ല ജോലി വാങ്ങി അച്ഛനെ നോക്കും എന്നാണ് അവൻ പറഞ്ഞിരുന്നത്. അവൻ വളർന്നു വലുതായി ഡോക്ടറായി. അവൻ അച്ഛനു കൊടുത്ത വാക്ക് പാലിച്ചു.ഒരു ദിവസം സീനിയർ ഡോക്ടർ ഡോക്ടർമാരോട് അവരെ പറ്റി പറയാൻ പറഞ്ഞു. ബാക്കിയുള്ളവർ അവരുടെ അച്ഛനും അമ്മയും ഗവൺമെറ്റ് ജോലിക്കാരാണ് എന്ന് പറഞ്ഞു.ആദി അച്ഛനും അമ്മയും മരണപ്പെട്ടു എന്ന് കള്ളം പറഞ്ഞു.ജോലിക്ക് ആയി ഒരു വേലക്കാരനെ നിർത്തി എന്നും അവൻ പറഞ്ഞു.അങ്ങനെ അവൻ അച്ഛനെ വെറുക്കാൻ തുടങ്ങി.അവൻ അച്ഛനെ ഉപദ്രവിക്കാനും കുറ്റപ്പെടുത്താനും തുടങ്ങി. നിങ്ങളല്ലെ അമ്മയെ കൊന്നത് എന്ന് അവൻ അച്ഛനോട് ചോദിച്ചു.അത് അച്ഛനെ വിഷമിപ്പിച്ചു.അച്ഛനൊന്നും തിരിച്ച് പറഞ്ഞില്ല.അങ്ങനെ ഒരു ദിവസം അവൻ രോഗികളെ പരിശോധിക്കുന്നതിനിടയിൽ മൂക്കിൽ നിന്ന് രക്തം വരുകയും തലചുറ്റി വീഴുകയും ചെയ്തു.അങ്ങനെ പരിശോധിച്ചപ്പോൾ അവന് തലച്ചോറിൽ അർബുദമായി.ഇതറിഞ്ഞതും കൂട്ടുകാർ അവനിൽ നിന്ന് അകലാൻ തുടങ്ങി.രോഗം അറിഞ്ഞ അച്ഛൻ കരഞ്ഞു.അച്ഛൻ നോക്കില്ല എന്ന് അവൻ വിചാരിച്ചു.അച്ഛൻ ഒരു വിരോധവുമില്ലാതെ അവനെ പരിശോധിച്ചു.അവൻ രോഗത്തിൽ നിന്ന് മുക്തനായി.അവൻ അച്ഛനോട് ചോദിച്ചു ഞാനിത്രയൊക്കെ ചെയ്തിട്ടും അച്ഛൻ എന്നെ നോക്കിയതെന്തിനാണ്?മക്കൾ ഇനി എന്ത് ചെയ്താലും ഒരു അച്ഛനും മക്കളെ വെറുക്കാൻ കഴിയില്ല. നീ എന്നോട് അങ്ങനെ ഒക്കെ ചെയ്തപ്പോഴും ഞാൻ നിന്നെ ശിക്ഷിക്കരുത് എന്നാണ് പ്രാർത്ഥിച്ചത്.ഏതൊരച്ചനും മക്കൾ വലുതാണ്.അച്ഛന്റെ വിലയറിഞ്ഞ ആദി കെട്ടിപ്പിടിച്ച് ഒരു ഉമ്മ കൊടുത്തിട്ട് പറഞ്ഞു ഞാൻ എന്റെ കൂട്ടുകാരെ ഒരുപാട് വിശ്വസിച്ചുപോയി.പക്ഷെ അവരെന്നെ ചതിച്ചു.പക്ഷെ ഞാൻ എത്ര തെറ്റ് ചെയ്തിട്ടും അച്ഛനെന്നെ ചേർത്തു പിടിച്ചു.ഞാനൊരു ദൃഢപ്രതിജ്ഞ എടുത്തു ഞാനിനി എന്റെ അച്ഛനെ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയില്ല എന്ന് പറഞ്ഞു.അവൻ അവന്റെ അച്ഛനെ പൊന്നു പോലെ നോക്കി. അവൻ വൃദ്ധസദനത്തിലേക്കുള്ള ഭക്ഷണവും നൽകി അവിടുള്ളവരെ പരിപാലിക്കുകയും ചെയ്തു.





AALIYA S
STD 8

# ചോരുന്ന കുടത്തിൻെ സങ്കടം

ഒരു സ്ത്രീ എല്ലാ ദിവസവും രണ്ടു കുടവുമായി വെള്ളമെടുക്കാൻ പോകുമായിരുന്നു. വെള്ളം നിറച്ച കുടങ്ങൾ ഓരോ എളിയിൽ വച്ച് വീട്ടിലേക്ക് മടങ്ങും. വീട്ടിലെത്തുമ്പോൾ ഒരു കുടത്തിൽ പാതി വെള്ളമേയുള്ളൂ മറ്റേ കുടം നിറയെ വെള്ളം. സൂക്ഷ്മമായി പരിശോധിച്ചപ്പോൾ സ്ത്രീക്കു മനസ്സിലായി. ഒരു കുടത്തിന് ചെറിയൊരു ചോർച്ചയുണ്ട്. അതുകൊണ്ട് വീട്ടിലേക്കുള്ള സഞ്ചാരത്തിനിടയിൽ വെള്ളം അൽപാൽപമായി ചോർന്നു പോകുന്നു. സംഗതി കുടത്തിനും മനസ്സിലായി തൻെ ചോർച്ചകൊണ്ട് പാവം സ്ത്രീ ബദ്ധപ്പെട്ടു കൊണ്ടുവരുന്ന കുടത്തിലെ പാതി വെള്ളം പാഴായിപ്പോകുന്നു. കുടത്തിനു വലിയ സങ്കടമായി വലിയ കുറ്റബോധവും. താൻ കാരണം ആ സ്ത്രീയുടെ അധ്വാനം പാഴായിപ്പോകുന്നുവല്ലോ. മറ്റേ കുടമാണെങ്കിൽ സ്ത്രീയുടെ അധ്വാനത്തിനു നിറഞ്ഞ പ്രതിഫലം നൽകുകയും ചെയ്യുന്നു. കുറ്റബോധം സഹിക്കാൻ വയ്യാതായപ്പോൾ ചോർച്ചയുള്ള കുടം സ്ത്രീയോടു പറഞ്ഞു. എന്നെ ഉപേക്ഷിച്ചേക്കുക. ഞാൻ കാരണം നിങ്ങളുടെ അധ്വാനം പാഴായിപ്പോകുന്നു. ഞാനൊരു ഓട്ടക്കുടമാണ്. അപ്പോൾ ആ സ്ത്രീ പറഞ്ഞു നീ ശ്രദ്ധിച്ചോ ? എൻെ ഒക്കത്തിരുന്ന് നി സഞ്ചാരിക്കുന്ന വഴിയിലേക്കു നോക്കൂ. നിറയെ ചെടികൾ പൂത്തു നിൽക്കുന്നതു കണ്ടില്ലേ ?

നിൻെ ചോർച്ച മനസ്സിലാക്കിയപ്പോഴാണ് നമ്മൾ നടക്കുന്ന വഴിയരികിൽ ഞാൻ ചെടികൾ വച്ചുപിടിപ്പിച്ചത്. വെള്ളവുമായി വീട്ടിലേക്കുള്ള യാത്രയിൽ നിൻെ ചോർച്ചയിൽ നിന്നുള്ള വെള്ള മേറ്റുവാങ്ങിയാണ് അവ വളർന്നത് . നോക്കൂ ചിരിച്ചുല്ലസിച്ചുനിൽക്കുന്ന ഈ പൂക്കൾക്കു കാരണം നീയാണ്. ചോർച്ചയില്ലാത്ത മറ്റേ കടത്തിൻെ വശത്തു ചെടികളില്ല പൂക്കളുമില്ല. ഈശ്വരൻ നമുക്കൊരു കുറവു നൽകിയിട്ടുണ്ടെങ്കിൽ ആ കുറവിനെ നിഷ്പ്രഭമാക്കുന്ന വലിയൊരു അനുഗ്രഹം കൂടി നൽകിയിട്ടുണ്ടാകും .നിൻെ ചോർച്ചയിൽ നിന്നു വിരിഞ്ഞു വന്ന ഈ പൂക്കൾപോലെ. നീ എനിക്കു പ്രിയപ്പെട്ട ഓമനക്കുടമാണ് നിന്നെ ഞാൻ ഉപേക്ഷിക്കാൻ പോകുന്നില്ല.



**BIJILA BINU**
**STD 9**

# ആട്ടിൻകുട്ടികളും ചെന്നായയും

ഒരിടത്ത് ഒരാൾ താമസിച്ചിരുന്നു അയാൾക്ക് രണ്ട് ആടുകൾ ഉണ്ടായിരുന്നു . ഒന്ന് കറുത്തതും ഒന്ന് വെളുത്തതുമായിരുന്നു.
ഒരു ദിവസം രണ്ട് ആട്ടിൻകുട്ടികളും കാട്ടിലേക്ക് പോയി.
അവർ ഒരു ഭാഗത്ത്നിന്ന് പുല്ല് ഭക്ഷിക്കുകയായിരുന്നു.
ആ സമയത്ത് അവർ ഒരു കരച്ചിൽ കേട്ടു. രക്ഷിക്കൂ....രക്ഷിക്കൂ.....
അവർ അവിടെ ചെന്നു നോക്കി ഒരു ചെന്നായ കെണിയിൽ പെട്ട് കിടക്കുന്നതാണ് അവർ കണ്ടത്. അങ്ങനെ വെളുമ്പൻ അവനെ രക്ഷിക്കാൻ തുടങ്ങിയപ്പോൾ, കറുമ്പൻ അവനെ തടഞ്ഞു അവൻ എന്തായാലും ഒരു ചെന്നായയാണ് അവനവിശ്വസിക്കരുത് .അത് വെളുമ്പൻ കേട്ടില്ല ....
ചെന്നായയും വെളുമ്പനും ചങ്ങാതിമാരായി.അങ്ങനെ ഒരു ദിവസം ചെന്നായക്ക് വിശപ്പ് സഹിക്കാൻ കഴിയാതെ വന്നപ്പോൾ അവൻ തന്റ ചങ്ങാതിയായ വെളുമ്പനെ ഭക്ഷണമാക്കാൻ തീരുമാനിച്ചു .അങ്ങനെ അവൻ ആടിനെ വീട്ടിലേക്ക് ക്ഷണിച്ചു.
വെളുമ്പൻ തൻ്റ ചങ്ങാതിയായ ചെന്നായയുടെ വീട്ടിലേക്ക് പോയി.
ആ വീട്ടിലേക്ക് പോയതിനു ശേഷം വെളുമ്പനെ ആരും കണ്ടിട്ടില്ല..




APARNA MANOHARAN
STD 10

# കുറുക്കനെ പറ്റിച്ച കോഴി

ഒരിടത്ത് രാമു എന്ന് പേരുള്ള ഒരു കർഷകൻ ഉണ്ടായിരുന്നു . കോഴി വളർത്തലായിരുന്നു ആ കർഷകന് ജോലി. ഒരു ദിവസം രാമു സിറ്റിയിലേക്ക് പോയി. ഈ സമയം നോക്കി ഒരു കുറുക്കൻ കോഴികളെ പിടിക്കാൻ നോക്കി. അപ്പോൾ ഒരു കഷീണിതയായകോഴിയെ ആ കുറുകൻ പിടിക്കുടി. കോഴികൾക്ക് വളരെ ഭയമായി. കുറുക്കന് പണികൊടുക്കാം എന്ന് കോഴികൾ തീരുമാനിച്ചു. പിറ്റേ ദിവസവും കോഴിയെ പിടിച്ചു. ഈ കോഴി കർഷൻ കാണാതെ ഒളിച്ചിരുന്നു . മറ്റു കോഴികളെ കർഷകൻ ഫാമിലേക്ക് മാറ്റി. പിറ്റേ ദിവസം ആ കോഴി കുറുക്കനെ കാത്ത് പുറത്ത് നിന്ന്. ആ കോഴി കുറുക്കൻ കാണാത്ത വിധത്തിൽ നിന്നു. കുറുക്കൻ അടുത്ത് എത്തിയപ്പോൾ കോഴി ഓടി.
കുറുക്കൻ കോഴിയുടെ പിറകെ ഓടി. കോഴി വൈക്കോൽ കൂനയിൽ കയറി. കോഴി മുകളിലേക്ക് കയറില്ല എന്ന് വിചാരിച്ച കുറുക്കൻ അപ്പുറത്തേക്ക് ഇറങ്ങി. കോഴി കുറുക്കൻ കാണാതെ കൂട്ടിന് മുകളിൽ കയറിയിരുന്നു.കുറുക്കൻ കോഴിയെ തിരക്കി കൂന മുഴവൻ കയറി ഇറങ്ങി.

ഗുണപാഠം
കൊടുത്താൽ കൊല്ലത്തും കിട്ടും



RAMZZENA N
STD 6

# ശ്രീനാരായണ ഗുരുദേവൻ

കേരള നവോത്ഥാനത്തിന്റെ പിതാവാണ് ശ്രീനാരായണ ഗുരുദേവൻ . വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്നസന്ദേശം വഴി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഗുരുദേവൻ ഉയർത്തിക്കാണിച്ചു . മതമേതായാലും മനുഷ്യൻനന്നായാൽ മതി എന്ന കാലാതീതമായ വാക്കുകൾ മാനവ സമൂഹത്തിന്റെ എക്കാലത്തെയും വഴികാട്ടിയാണ് .1888 ശിവരാത്രിനാളിൽ അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠയിലൂടെ ദൈവാരാധനയുടെ വാതായനംഗുരുദേവൻ തുറന്നുനൽകി .

സാധാരണ സന്യാസിമാരിൽനിന്നും വ്യത്യസ്തമായി മനുഷ്യജീവിതത്തെ വ്യവസായത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും ഉദ്ധരിക്കവാൻ എസ്.എൻ.ഡി.പി.യോഗം എന്ന സാമൂഹ്യ സംഘടനയ്ക്ക് രൂപംനൽകുവാൻ ഗുരുദേവൻ ഉപദേശംനൽകി .കേരളം കണ്ട മഹാകവികളിൽ ഒരാളുകൂടിയായിരുന്ന ഗുരുദേവൻ.

രചനകളെക്കുറിച്ച് ആഴത്തിൽ പഠനങ്ങൾനടന്നിട്ടുണ്ടെങ്കിലും കൂടുതലും ദാർശനിക കൃതികളായിരുന്നതിനാൽ കവി എന്ന നിലയിൽ ഗുരുവിനെ കാണുന്നവർ കുറവാണ്. ഭാരതത്തെ ഒരു കാലത്ത് ഏറ്റവും കൂടുതൽ പുറകോട്ടു നയിച്ച ജാതീയതയ്ക്കെതിരെ ആത്മീയ വിപ്ലവത്തിന് തുടക്കം കുറിച്ചതും ശ്രീനാരായണഗുരു ദേവനായിരുന്നു.കേരളം കണ്ട ഏറ്റവും വലിയ ദാർശനികനും സാമൂഹ്യ പരിഷ്കർത്താവുമാണ് ശ്രീനാരായണ ഗുരുദേവൻ.





SHARIKA
STD 7

# ഡോ എ പി ജെ അബ്ദുൽകലാം വചനങ്ങൾ

നിങ്ങളെ വെറുക്കുന്നവരെ നിങ്ങൾ ഒരിക്കലും വെറുക്കരുത് പകരം അവരെ ബഹുമാനിക്കണം കാരണം നിങ്ങൾ അവരെക്കാൾ മികച്ചതാണെന്ന് ഏറ്റവും കൂടുതൽ ചിന്തിച്ചുകൊണ്ടിരിക്കുന്നത് അവരാണ്!!!

ഒരു നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക് സമാനമാണ്. എന്നാൽ ഒരു നല്ല സുഹൃത്ത് ഒരു നല്ല ഗ്രന്ഥശാലയ്ക്ക് സമാനമാണ്

വിജയിക്കാൻ ഞാൻ എടുത്തിട്ടുള്ള തീരുമാനത്തിന് കരുത്തുണ്ടെങ്കിൽ ....പരാജയം ഒരിക്കലും എന്നെ പിന്തുടരുകയില്ല


ജീവവിതം ആസ്വാദ്യകരമാവണമെങ്കിൽ പ്രയാസങ്ങൾ ആവശ്യമാണ്

അനുഭവങ്ങളാണ് നമ്മളെ നല്ല തീരുമാനമെടുക്കാൻ പഠിപ്പിക്കുന്നത് പക്ഷെ, അനുഭവങ്ങൾ ഉണ്ടാകുന്നത് മോശം തീരുമാനങ്ങളിൽ നിന്നാണ്. അതാണ് ജീവിതം. അതിനാൽ ഇതുവരെ എടുത്ത മോശം തീരുമാനങ്ങളെയോർത്ത് വിഷമിക്കാതിരിക്കുക.അതിൽ നിന്ന് നിങ്ങൾ പഠിച്ചത് നല്ല പാഠങ്ങളാണ്

കഷ്ടപാടും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നയാളാണ് യഥാർത്ഥ നേതാവ്

വികാരപരമായി കറുപ്പ് ഒരു മോശം നിറമാണ് എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്ധ്യർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്





NISHANA N
STD 9

# വേറെയും ഗാന്ധിമാർ

ലോകത്തിനു മാതൃകയായ ഗ ജി വിവിധ രാജ്യങ്ങളിൽ സ്വീകാര്യനായി. അദ്ദേഹത്തിൻ പേര് വിശേഷിക്കപ്പെട്ട നേതാക്കളെക്കുറിച്ച് അറിയാം.

അതിർത്തി ഗാന്ധി -ഖാൻ അബ്ദുൾ ഗാഫർഖാൻ
കേരളാഗാന്ധി - കെ. കേളപ്പൻ
മയ്യഴി ഗാന്ധി - കുമാരൻ മാസർ
ആധുനികഗാന്ധി - ബാബ ആംതെ
ബീഹാർ ഗാന്ധി - ഡോ. രാജേന്ദ്രപ്രസാദ്
അമേരിക്കൻ ഗാന്ധി - മാർട്ടിൻ ലൂതർകിംഗ്
ടാൻസാനിയൻ ഗാന്ധി - ഡോ. ജൂലിയസ് നെരേര
അയർലാൻ്റ് ഗാന്ധി -ജോൺ ഹട്ടം
ഇന്തോനേഷ്യൻ ഗാന്ധി - അഹമ്മദ് സുകാർത
കെനിയൻ ഗാന്ധി - ജോമോ കെനിയാൽ
ആഫ്രിക്കൻ ഗാന്ധി - കെന്നത്ത് കനണ്ട
ശ്രീലങ്കൻ ഗാന്ധി - എ.ടി. അരിയരന്ത
ജർമ്മൻ ഗാന്ധി - ജറാർഡ് ഫിഷർ
ബർമീസ് ഗാന്ധി - ആങ്സാൻ
ഘാന ഗാന്ധി - ക്വാമി എൻ, ക്രൂമ



RESHMA RAJ
TEACHER

# പൊതു വിജ്ഞാനം



1.രാഷ്ട്ര ഗുരു എന്ന് അറിയപ്പെടുന്നത് ആരാണ്?
സുരേന്ദ്രനാഥ് ബാനർജി
2.അഭിനവ് ഭാരത് സ്ഥാപിച്ചത് ആരാണ്?
വിനായക് ദാമോദർ സവർക്കർ
3.ഒന്നാം കേരള മന്ത്രിസഭ നിലവിൽ വന്ന വർഷം?
1957 ഏപ്രിൽ 5
4.കേരളത്തിലെ ആദ്യ ഗവർണ്ണർ ആര്?
ബി.രാമകൃഷ്ണറാവു
5.ഇന്ത്യയിൽ ജനസാന്ദ്രത ഏറ്റവും കുറവുള്ള സംസ്ഥാനം ഏത്?
അരുണാചൽ പ്രദേശ്
6.മീശ എന്ന നോവൽ എഴുതിയത് ആരാണ്?
എസ് ഹരീഷ്
7.ബാലഗംഗാധര തിലക് ആരംഭിച്ച പത്രം?
മറാത്ത
8.കേരളത്തിന്റ പടിഞ്ഞാറുള്ള കടൽ?
അറബിക്കടൽ
9.ഭൂവൽക്കത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന മൂലകം ഏത്?
ഓകസിജൻ
10.കുമാരനാശാന്റെ ജൻമസ്ഥലം ഏത്?
കായിക്കര



NANDA GOPAN
STD 6

# കടങ്കഥകൾ

അടയുടെ മുമ്പിൽ പെരുമ്പട
തേനീച്ചക്കൂട്

ആരും അടിക്കാത്ത മുറ്റം
ആകാശം

കാൽ വിരൽ തൊട്ടാൽ ചക്രം
തേരട്ട

ഇരുവരി മുല്ലപ്പൂക്കൾ
പല്ല്



SADIK
STD 10

കാട്ടിലെ മുത്തി പട്ടണം കടന്നപ്പോൾ വെളുവെളുത്ത
കടലാസ്

കാലിൻമേൽ കണ്ണുള്ളോൻ വായിൽ പല്ലില്ലാത്തോൻ
കത്രിക

അനേകം മതിൽകെട്ട് അതിനകത്ത് ഒരു വെള്ളി വടി
വാഴപ്പിണ്ടി

പൊന്നു തിന്ന് വെള്ളി തുപ്പി
ചക്കച്ചുള

ആയിരം പറ അളവിൽ ഒരു നുള്ള് കൊട്ടത്തേങ്ങ
ചന്ദ്രക്കല

# പ്രമുഖ വ്യക്തികളും തൂലിക നാമവും

കമലാദാസ് – മാധവിക്കുട്ടി

ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട് – എസ്. കെ. . പൊറ്റക്കാട്ട്

കാണിശ്ശേരി വട്ടോപ്പറമ്പിൽ വേലപ്പൻ അയ്യപ്പൻ – കോവിലൻ

പി.സി. കുട്ടികൃ,ഷ്ണൻ – ഉറൂബ്

അക്കിത്തം അച്യുതൻ നമ്പൂതിരി – അക്കിത്തം

ഇടശേരി ഗോവിന്ദൻ നായർ – ഇടശ്ശേരി

തകഴി ശിവശങ്കരപ്പിള്ള – തകഴി

ഉള്ളൂർ എസ് പരമേശ്വരയ്യർ – ഉള്ളൂർ


കുമാരനാശാൻ – ആശാൻ

വള്ളത്തോൾ നാരായണമേനോൻ – വള്ളത്തോൾ

വൈക്കം മുഹമ്മദ് ബഷീർ – ബഷീർ

ചറങ്ങമ്പുഴ കൃഷ്ണിള്ള – ചങ്ങമ്പുഴ

സുബ്രഹ്പ്മണ്യൻ നമ്പൂതിരിപ്പാട് – ഒളപ്പമണ്ണ



MUHAMMED BILAL
STD 10

# ക്വിസ്

1. ലോകത്തിലെ ഏറ്റവും വലിയ ജീവി?

നീലത്തിമിംഗലം

2. രാഷ്ട്രപതിയുടെ വെള്ളിമെഡൽ നേടിയ ആദ്യ മലയാള ചലച്ചിത്രം?

നീലക്കുയിൽ

3 പന്ത്രണ്ടു വർഷത്തിലൊരിക്കൽ പൂക്കുന്ന ചെടി ?

നീലക്കുറിഞ്ഞി

4. ഇന്ത്യയിലെ ആദ്യത്തെ ബയോസ്ഫിയർ റിസർവ് ?

നീലഗിരി

5. ഭാർഗ്ഗവീ നിലയം എന്ന മലയാള സിനിമ വൈക്കം മുഹമ്മദ് ബഷീറിൻ്റെ ഏത് കൃതിയെ ആസ്പദമാക്കിയുള്ളതാണ് ?

നീലഗിരി

6.ഒരു മാസത്തിനിടെ ഉണ്ടാകുന്ന രണ്ടാമത്തെ പൂർണ്ണചന്ദ്രൻ അറിയപ്പെടുന്നതെങ്ങനെ ?

നീലച്ചന്ദ്രൻ

7. ദക്ഷിണാഫ്രിക്കയുടെ ദേശീ പക്ഷി ?

നീലക്കൊക്ക്

8. കോപ്പർ സൾഫേറ്റിൻ്റെ സാധാരണ നാമം ?

നീലത്തുരിശ്



RETHIN
STD 8

# Horsey Horsey



Horsey horsey don' you stop
just let your feet go clippety-clop,
your tail gous swish and the wheels go round ,
Giddy up,we'homeward bound.

we're not in a hustle,we're not in a bustle,
Don't go tearing up the road ,
We're not in a hurry,we're not in a flurry,
And we don' have a very heavy load.



**SAHID**
**STD 9**

# One,two,three,four,five

once, two, three, four, five,
once i caught a fish alive.
six, seven, eight, nine, ten,
Then i let it go again.

Why did you let it go?
Because it bit my finger so. Which finger did it bite? This
little finger on the right

**ADHITHYAN**
**STD 9**

# I Love My School

i love my school,
it is a big knowledge pool,
pool, pool, pool.


i love my school,
here i meet my friends so cool,
cool, cool, cool.

I love my school,
we play and follow every rule,
Rule, rule, rule.

I love my school,
it is big knowledge pool,
pool, pool, pool.




AADHYA
**STD 5**



# A Great Athlete King

Once,there lived a famous king named metabo. He was a good athlete. He excelled in javelin throw one day, he set out for hunting with his young daughter camline.

Unfortunately on their way they were attacked by his enemies.The king put his daughter on his back and ranswifty. While running they came across a fast flowing river. The king stopped, and feared that he could not cross the river with his daughter riding on him.

Suddenly a plan stuck to his mind. he tied his daughter to his javelin and hurled it across the river! Then he dived into the waters and swam across. His enemies were shocked and stopped chasing him!



**REVATHY**
**STD 10**

# THE ELEPHANT LEARNS A LESSON

Sparrows lived on a banyan tree .They had laid eggs.One afternoon, an evil elephant broke their eggs .The sparrow friend a woodpecker,the fly and the frog saw that . Next day when the elephant was crossing the same path, the fly hummed a tune in the elephant’s ear and the woodpecker poked his eyes . The elephant howled in pain . He wanted to splash water on his face . Just then ,he heard the frog croaking . The frog crocked near the swamp instead of river. He followed the sound and fell into the swamp .
“please help me What wrong have I done?” he asked .
The frog reminded him about the sparrow ‘s eggs .
The elephant was sorry and promised never to do



**FATHIMA**
**STD 10**

# The Gaint and the great Issumboshi

Once there was a tiny man in japan named Issumboshi. One day, his grandfather decided to send him to the city to train him to become brave Samurai Warrior. It was a very difficult and dangerous journey for tiny Issumboshi. But due to his bravery and intelligence he reached the town safely.

However the city streets were deserted as all the people were hiding indoors to save themselves from a fierce .But Isssumboshi bravely went strange to the place where the monster was. Looking at the tiny creature the gaint laughed. But very soon the gaint become upset when his strong swipes could not reach tiny Issumboshi.

He struck the gaint thousand times with his sword . Deaply wondered the monster screamed in pain and fell to the ground. The city people who where looking through their windows hailed Issumboshi as a brave and powerful warrior.



**KARTHIK**
**STD 10**

# The Saturday Night

Once upon a time,it was a saturday night, but the sleep imp who sang lullabies for the children had not come. Very few children were sleeping. One mother met the imp to complain. The imp politely told her: “l apologise but tomorrow is sunday. We, imps have to clean up the entire world to make it look prettier. Do you know what tasks I have to do tonight?” “ what are they?’’ The mother asked.

The imp replied: “I have to see if the grass and flowers in the fields have been dusted by the wind. I have to clean the bells at the top of each bell tower, so that they ring out loud and clean in the morning. Then i have to bring down the stars, one by one to make them glow and shine brightly.” “ But,” protested the mother, “the stars are fixed. How can you pluck and bring them to give them a nice shine?” The imp was offended and said: “ Do you think I’m lying?’’ by that time,her son had fallen asleep so the mother stopped arguing. Whether the stars are stuck into the sky or not, we never find them out!

**MUHAMED SHAFI**
**STD 9**

# MY Dog Fred

I have a dog.
His name is fred.
He won't play fetch.
He won't play dead.

He won't shake hands
or sit or stay
or bark or beg
or run and play.

He won't roll over,
shake or crawl.
In fact, he won't
do tricks at all.

when folks ask why
I tell them that's
because my dog
was raised by cats.

**MUHAMED BILAL**
**STD 9**

# Little Henry forelocks

Long ago, a queen gave birth to a lovely baby girl, who was dumb.The fairy granted one boon to the princess: she would have the giftof making the person she fell in love with into a very handsome man!

In a nearby kingdom, another queen had given birth to a son named  little Hentry Forelocks who was quite ugly. His mother was sad but a fairy blessed the prince with a boon: He would be very wise and able to share his wisdom with the women he loved.

Years passed by ,Curlylocks grew up to be a very beautiful girl. All the young men fell in love with her but were disappointed as she was dumb.Curlylocks went for long walks in he forest.

One day, she met little Henry Forelocks who fell in love with her and wanted to marry her. When he come to know about her dumbness, he told been given. Then he asked her to think about his proposal for a year. Curlylocks became more intelligent each day and finally she married the prince

**HRISHI KESH**
**STD 9**

# A Story of a Valentine’s Day

Long long ago, a king’s daughter lost her speech when she was a child .She became very sad. In her father’s garden the only thing that gave her pleasure was the flower.One evening suddenly a strange flower appeared .The princes spend hours before it. At times,she even made gestures as if she were talking to it and was surprised with what the flower told her!

The king say this and thought that the princess was under a spell.So,he uprooted the flower and threw it on the ground .The princess was so shocked that she began to speak again! On hearing her voice,the flower changed in to a prince! He told the king that he had asked a fairy to turn him into a flower and gift him a voice that only the princess could hear. And he alone could understand the silent voice of the princess. This miracle happened on 14th February. Thus, all lovers celebrate this day as Valentine’s day.



**FAIZAL**
**STD 10**

# 2023 - 24
## ഒറ്റനോട്ടത്തിൽ














വായനാദിന സ്പെഷ്യൽ
അസംബ്ലി






PTA GENERAL BODY MEETING
2023-24


LK preliminary camp 2023-26 batch




SNVSHS
THRIKKARUVA
Freedom fest 2023




FREEDOM FEST 2023


















LK School Camp For 2022


























ക്രിയാത്മക കൗമാരം
























Thank you!